**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1172** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഭാരതമാല പദ്ധതിയിൽപെട്ട റോഡുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഭാരതമാല പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ച കോഴിക്കോട് - പാലക്കാട് ഗ്രീൻ ഫീൽഡ് ഹൈവേ, ബാംഗ്ലൂർ - മൈസൂർ - കോഴിക്കോട് - മലപ്പുറം ഹൈവേ എന്നീ റോഡുകളുടെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (എ) | കോഴിക്കോട് - പാലക്കാട് ഗ്രീൻ ഫീൽഡ് ഹൈവേയുടെ വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കി വരുന്നു. ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായ 3A വിജ്ഞാപനം കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ CALA ഓഫീസർമാർ തയ്യാറാക്കി വരുന്നു. പാത കടന്നുപോകുന്ന വില്ലേജുകളിലെ സർവേ നമ്പർ സംബന്ധിച്ച വിവരങ്ങൾ 3A വിജ്ഞാപനത്തിന് ശേഷമേ ലഭ്യമാകൂ. ബാംഗ്ലൂർ - മൈസൂർ - കോഴിക്കോട് - മലപ്പുറം ഹൈവേയുടെ അലൈൻമെന്റ് സംബന്ധിച്ച പഠനം പൂർത്തിയാക്കിയിട്ടുണ്ട്. അലൈൻമെന്റിന് ദേശീയപാത അതോറിറ്റിയുടെ LA Committee യുടെ അംഗീകാരം ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത പാതകളുടെ ഡി പി ആർ, അലൈൻമെന്റ്, പാത കടന്നുപോകുന്ന വില്ലേജുകളിലെ സർവ്വേ നമ്പറുകൾ എന്നിവ തയ്യാറായിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കുമോ; | (ബി) | കോഴിക്കോട് - പാലക്കാട് ഗ്രീൻ ഫീൽഡ് ഹൈവേയുടെ വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കി വരുന്നു. ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായ 3A വിജ്ഞാപനം കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ CALA ഓഫീസർമാർ തയ്യാറാക്കി വരുന്നു. പാത കടന്നുപോകുന്ന വില്ലേജുകളിലെ സർവേ നമ്പർ സംബന്ധിച്ച വിവരങ്ങൾ 3A വിജ്ഞാപനത്തിന് ശേഷമേ ലഭ്യമാകൂ. ബാംഗ്ലൂർ - മൈസൂർ - കോഴിക്കോട് - മലപ്പുറം ഹൈവേയുടെ അലൈൻമെന്റ് സംബന്ധിച്ച പഠനം പൂർത്തിയാക്കിയിട്ടുണ്ട്. അലൈൻമെന്റിന് ദേശീയപാത അതോറിറ്റിയുടെ LA Committee യുടെ അംഗീകാരം ലഭ്യമായിട്ടില്ല. |
| (സി) | ഇവയിൽനിന്നും കോഴിക്കോട് വിമാനത്താവളത്തിലേക്ക് കണക്റ്റിവിറ്റിയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (സി) | നിലവിലുള്ള പാലക്കാട് കോഴിക്കോട് റോഡുമായി പാതകൾക്ക് കണക്റ്റിവിറ്റി ഉണ്ട് |
| (ഡി) | ബാംഗ്ലൂർ --മൈസൂർ -കോഴിക്കോട് -മലപ്പുറം ഹൈവേ യിൽ നിന്നും മലപ്പുറത്തെ ഒഴിവാക്കാൻ | (ഡി) | ബാംഗ്ലൂർ -മൈസൂർ -കോഴിക്കോട് -മലപ്പുറം ഹൈവേ യിൽ നിന്നും മലപ്പുറത്തെ ഒഴിവാക്കാൻ നീക്കം |

| | | | |
|---|---|---|---|
| | നീക്കം നടക്കുന്നുവെന്ന വാർത്തകൾക്ക് എന്തെങ്കിലും സ്ഥിരീകരണം ഉണ്ടോ ? | | നടക്കുന്നുവെന്ന വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ